"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3/5215/13/സിഇ/തസ്വഭവ

തീയതി : 13.05.2016

# സർക്കുലർ

വിഷയം:- സർക്കാർ വകുപ്പ് അദ്ധ്യക്ഷൻമാരുടെയും ജില്ലാ കളക്ടർമാരുടെയും വാർഷിക സമ്മേളനം - സംബന്ധിച്ച്.

സൂചന:- തദ്ദേശ സ്വയംഭരണ (പിഎസ്) വകുപ്പിന്റെ കത്ത് നം. പിഎസ് 2/193/2016/തസ്വഭവ, തീയതി - 16/04/2016.

സർക്കാർ വകുപ്പ് അദ്ധ്യക്ഷൻമാരുടെയും, ജില്ലാ കളക്ടർമാരുടെയും 2016 -ലെ വാർഷിക സമ്മേളനത്തിൽ ചർച്ച ചെയ്യേണ്ടുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗം പ്രവൃത്തികളുമായി ബന്ധപ്പെട്ട അടിയന്തിര തീരുമാനങ്ങൾ വേണ്ടുന്ന വിഷയങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ സാങ്കേതിക വിഭാഗം മേധാവിയിൽ നിന്നും 18/05/2016 ന് മുൻപായി സൂചനയിലെ നിർദ്ദേശങ്ങൾ പാലിച്ച് തയ്യാർ ചെയ്ത കുറിപ്പും സി.ഡി. യും ലഭ്യമാക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

ഉള്ളടക്കം:- സൂചന കത്ത്.

S747

" ഭരണഭാഷ-മാതൃഭാഷ "

കേരള സർക്കാർ

നം.പിഎസ് 2/193/2016/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ(പിഎസ്)വകുപ്പ്,
തിരുവനന്തപുരം, തീയതി, 16/04/2016.

പ്രേഷിതൻ

സ്പെഷ്യൽ സെക്രട്ടറി

സ്വീകർത്താവ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- സർക്കാർ വകുപ്പ് അദ്ധ്യക്ഷൻമാരുടെയും ജില്ലാ കളക്ടർമാരുടെയും വാർഷിക സമ്മേളനം-സംബന്ധിച്ച്.

സർക്കാർ വകുപ്പ് അദ്ധ്യക്ഷൻമാരുടെയും ജില്ലാ കളക്ടർമാരുടെയും 2016- ലെ വാർഷിക സമ്മേളനത്തിൽ ചർച്ച ചെയ്യാനുള്ള വിഷയങ്ങളുടെ രണ്ട് പകർപ്പുകൾ (അച്ചടിച്ച രണ്ട് പകർപ്പും അതുൾപ്പെട്ട ഒരു സിഡിയും) 20/05/2016 നു മുൻപായി സർക്കാരിൽ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. അനുബന്ധമായി ചേർക്കേണ്ടതുൾപ്പെടെയുള്ളവ സിഡിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

കുറിപ്പുകൾ സംക്ഷിപ്തവും കാര്യമാത്ര പ്രസക്തമാക്കാനും ഒരു പുറത്തിൽ കവിയാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

സിദ്ധാർത്ഥൻ.എസ്,
ഡെപ്യൂട്ടി സെക്രട്ടറി.
സ്പെഷ്യൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ